**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2025 മാർച്ച് 3, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

24(*151) ആദിവാസി മേഖലകളിൽ കാര്യക്ഷമമായ റേഷൻ വിതരണം

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, ദേശീയ ഭക്ഷ്യ ഭദ്രത നിയമത്തിനുകീഴിൽ സംസ്ഥാനത്ത് 5,95,800 അതിദരിദ്ര കുടുംബങ്ങൾക്ക് AAY (അന്ത്യോദയ അന്ന യോജന) കാർഡുകൾ മുഖേന മാസംതോറും 35 കി.ഗ്രാം ഭക്ഷ്യധാന്യം നൽകിവരുന്നുണ്ടെന്നും ഒറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ എത്തിച്ച് നൽകുന്നതിനായി "സഞ്ചരിക്കുന്ന റേഷൻ കട" പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും 10

ജില്ലകളിലായി 137 ആദിവാസി ഉന്നതികളിൽ റേഷൻ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ആദിവാസി ഗോത്രവർഗ്ഗ മേഖലകളിലുൾപ്പെടെ പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, തിരിമറി എന്നിവ തടയുന്നതിന് ജില്ലാതല സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. റേഷൻ കടകൾ, NFSA ഗോഡൗണുകൾ എന്നിവയിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ ഉത്തരവാദികളിൽനിന്നും സാധനങ്ങളുടെ കമ്പോള വില ഈടാക്കുകയും സ്റ്റോക്കിലുള്ള വ്യത്യാസത്തിന് പിഴ ഈടാക്കുകയും ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഉത്സവസീസണുകളിലെ ക്രമക്കേടുകൾ തടയുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സംയുക്ത സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തുകയും എസൻഷ്യൽ കമോഡിറ്റീസ് ആക്ടുപ്രകാരം തുടർനടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്ത് കെ-സ്റ്റോർ പദ്ധതി നടപ്പാക്കുന്ന 1779 റേഷൻ കടകളിലൂടെ 11.50 കോടിയിലധികം രൂപയുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ സാധിച്ചിട്ടുണ്ടെന്നും എം.എസ്.എം.ഇ ഉൽപന്നങ്ങൾ കെ-സ്റ്റോർ പദ്ധതിയിലൂടെ ആദിവാസി ഉന്നതികളിൽ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും സഞ്ചരിക്കുന്ന റേഷൻ കട പദ്ധതിക്കായി

വാഹനങ്ങൾ ലഭ്യമാക്കുന്നതിന് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

25(*152) ബ്രൂവറി ആരംഭിക്കുന്നതിനുള്ള ഒയാസിസ് കമ്പനിയുടെ അപേക്ഷ

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ബ്രൂവറി ആരംഭിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 30-11-2023-ന് ഒയാസിസ് കമ്പനി അപേക്ഷ സമർപ്പിച്ചതിനെത്തുടർന്ന് ഭൂഗർഭജല ചൂഷണം നടത്താൻ പാടില്ലെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ ടി കമ്പനിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് 16-02-2025-ൽ ഉത്തരവുപുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രോജക്ടിന് ആവശ്യമായ വെള്ളം കേരള വാട്ടർ അതോറിറ്റിയുടെ KINFRA Water Supply Scheme-ലുൾപ്പെടുത്തിയും Rain Water Harvesting നടത്തിയും കണ്ടെത്തുന്നതിനാൽ ജലക്ഷാമം, ഭൂഗർഭ ജലചൂഷണം എന്നിവ ഉണ്ടാകുമെന്ന ആശങ്ക അടിസ്ഥാനരഹിതമാണ്. സംസ്ഥാനത്ത് 2024-ൽ മദ്യനിർമ്മാണത്തിനായി മാത്രം വിവിധ സംസ്ഥാനങ്ങളിൽനിന്ന് 9.21 കോടി ലിറ്റർ എക്സ്ട്രാ ന്യൂട്രൽ

ആൽക്കഹോളും പെട്രോൾ ബ്ലണ്ടിംഗിനായി 30.26 കോടി ലിറ്റർ എഥനോളും ഇറക്കുമതി ചെയ്തിട്ടുണ്ട്. പെട്രോൾ ബ്ലണ്ടിംഗിനും വ്യവസായ ആവശ്യത്തിനുമായി ഇതര സംസ്ഥാനങ്ങളിൽനിന്ന് സ്പിരിറ്റ് ഇറക്കുമതി ചെയ്യുന്നതിലൂടെ ജി.എസ്.ടി. ഇനത്തിൽ 100 കോടിയിലധികം രൂപ മറ്റ് സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും വരുംവർഷങ്ങളിൽ ജി.എസ്.ടി നഷ്ടം വൻതോതിൽ വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും മന്ത്രി കൂട്ടിച്ചേർത്തു. സംസ്ഥാനത്തിന്റെ ജി.എസ്.ടി നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി മറ്റ് സ്ഥലങ്ങളിലും ബ്രൂവറി ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഡിസ്റ്റിലറികൾ, ബ്രൂവറികൾ, എഥനോൾ നിർമ്മാണ പ്ലാന്റുകൾ എന്നിവ ആരംഭിച്ച് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം കയറ്റുമതി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നതാണെന്ന് 2023-24-ലെ മദ്യനയത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണെന്നും സംസ്ഥാനത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വ്യാവസായിക നിക്ഷേപങ്ങളിലൂടെ വരുമാനമുണ്ടാക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

26(*153) കാൻസർ രോഗത്തിന് വിദഗ്ധ ചികിത്സ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് പ്രാഥമിക ആരോഗ്യതലംമുതൽ നടത്തുന്ന കാൻസർ സ്ക്രീനിങ് പരിപാടിയുടെ ഭാഗമായി "ആരോഗ്യം ആനന്ദം അകറ്റാം അർബുദം" എന്ന പേരിൽ സംഘടിപ്പിച്ച ക്യാമ്പയിനിലൂടെ അഞ്ച് ലക്ഷത്തോളം പേരെ പ്രാഥമിക കാൻസർ സ്ക്രീനിങ്ങിന് വിധേയമാക്കിയിട്ടുള്ളതിൽ 26000-ഓളം പേരെ തുടർ പരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ടെന്നും 88 പേരിൽ രോഗം സ്ഥിരീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മുൻകൂർ രോഗനിർണ്ണയത്തിന്റെ പ്രാധാന്യം സമൂഹത്തിന്റെ എല്ലാ തട്ടുകളിലേയ്ക്കും എത്തിക്കാനും സ്ക്രീനിങ് പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിടുന്ന ടി ക്യാമ്പയിൻ സ്വകാര്യ ആശുപത്രികൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടുകൂടിയാണ് നടപ്പാക്കിവരുന്നത്. ഇതിനായി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കാൻസർ സ്ക്രീനിങ് സൗകര്യം ഏർപ്പെടുത്തുകയും ആരോഗ്യവകുപ്പ് ജീവനക്കാർക്ക് റീജിയണൽ കാൻസർ സെന്ററുകൾവഴി പരിശീലനം

നൽകുകയും ചെയ്തിട്ടുണ്ട്. വികേന്ദ്രീകൃത ക്യാൻസർ ചികിത്സാ പദ്ധതിയിലൂടെ 25 ആശുപത്രികളിൽ കാൻസർ കെയർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിച്ച് കീമോതെറാപ്പി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഈ സൗകര്യം കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആർ.സി.സി-യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ ആഴ്ചയിൽ രണ്ട് ദിവസം സ്ക്രീനിങ് നടത്തുന്നതിനുപുറമെ വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചും സ്ക്രീനിങ് നടത്തിവരുന്നുണ്ട്. ഗർഭാശയ ഗളാർബുദം, വദനാർബുദം, സ്തനാർബുദം എന്നിവ കണ്ടെത്തുന്നതിന് ആർ.സി.സി-യിലും കൊല്ലം, എറണാകുളം, പാലക്കാട് ആർ.സി.സി.-കളിലെ പെരിഫെറൽ സെന്ററുകളിലും സൗകര്യം ഒരുക്കിയിട്ടുണ്ട്. ജീവിതശൈലി രോഗ നിർണയ സർവെയിൽ കാൻസർ രോഗലക്ഷണങ്ങൾ കണ്ടെത്തുന്നവരെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കും തുടർപരിശോധന ആവശ്യമുള്ളവരെ മറ്റ് ആശുപത്രികളിലേക്കും റഫർ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ത്രിതീയതല കാൻസർ സെന്ററുകൾ എന്നിവിടങ്ങളിൽ മാമോഗ്രാം, അൾട്രാസൗണ്ട് സ്കാൻ, പാപ്സ്മിയർ, കോൾപോസ്കോപ്പി, FNAC, ബയോപ്സി മുതലായ സൗകര്യങ്ങൾ ഒരുക്കുകയും

രോഗം സ്ഥിരീകരിക്കുന്നവർക്ക് ചികിത്സ ഉറപ്പാക്കുകയും മെഡിക്കൽ കോളേജുകളിൽ പ്രത്യേക കോർ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രതിദിന അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം അർബുദ ചികിത്സാരംഗത്ത് മികച്ച പുരോഗതി കൈവരിക്കുകയും നൂതന ചികിത്സാ സംവിധാനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മലബാർ കാൻസർ സെൻററിനെ പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് ആയി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കിഫ്ബി ഒന്നുംരണ്ടും പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുകയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ/നാഷണൽ മെഡിക്കൽ കമ്മിഷൻ അംഗീകരിച്ച വിവിധ കോഴ്സുകൾക്കുപുറമെ സർജിക്കൽ ഓങ്കോളജി, ഡി.എം. മെഡിക്കൽ ഓങ്കോളജി, എം.ഡി. റേഡിയേഷൻ ഓങ്കോളജി എന്നീ കോഴ്സുകൾ ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിന് സൗജന്യമായും എ.പി.എൽ. വിഭാഗത്തിന് സബ്സിഡൈസ്ഡ് നിരക്കിലുമാണ് കാൻസർ ചികിത്സ നൽകിവരുന്നതെന്നും കാൻസർ സ്ക്രീനിങ്ങിലേക്ക് ആളുകളെ എത്തിക്കുന്നതിന് ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്നും

കാൻസർ ചികിത്സാ/പരിശോധനാ സൗകര്യങ്ങൾ കൃത്യമായി മനസ്സിലാക്കുന്നതിന് ഒരു കാൻസർ ഗ്രിഡ് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

27(*154) കോട്ടയം നഴ്സിങ് കോളേജിലെ റാഗിങ്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കോട്ടയം സർക്കാർ നഴ്സിങ് കോളേജിലെ ഒന്നാം വർഷ ജി.എൻ.എം വിദ്യാർഥികൾക്ക് റാഗിങ് എന്ന പേരിൽ ഏൽക്കേണ്ടിവന്ന ശാരീരികവും മാനസികവുമായ പീഡനം സർക്കാർ അതീവ ഗൗരവതരമായാണ് കാണുന്നതെന്നും ഇത്തരത്തിലുള്ള അതിക്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ കോളേജുകളിൽ ആന്റി റാഗിങ് കമ്മിറ്റി, ആന്റി റാഗിങ് സ്ക്വാഡ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുമെന്നും സഭയെ അറിയിച്ചു. പീഡനത്തിനിരയായ വിദ്യാർഥികൾ കോളേജ് പ്രിൻസിപ്പലിന് നൽകിയ പരാതിയിൽ അധ്യാപകരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി അന്വേഷണം നടത്തി റാഗിങ് നടന്നതായി പോലീസിൽ റിപ്പോർട്ടുചെയ്തതിനെത്തുടർന്ന് കുറ്റാരോപിതരായ 5 വിദ്യാർഥികളെ അറസ്റ്റ് ചെയ്യുകയും കോളേജിൽനിന്ന് സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കോളേജ് ഹോസ്റ്റലിൽ റാഗിങ് തടയുന്നതിലും കുറ്റക്കാർക്കെതിരെ

നടപടി സ്വീകരിക്കുന്നതിലും കോളേജ് അധികൃതർ വീഴ്ചവരുത്തിയിട്ടുള്ളതായി കണ്ടെത്തിയതിനെത്തുടർന്ന് സ്ഥാപന മേധാവിയും വാർഡനുമായ പ്രിൻസിപ്പലിനെയും അസിസ്റ്റന്റ് വാർഡന്റെ ചുമതലയുള്ള അസിസ്റ്റന്റ് പ്രൊഫസറെയും സസ്പെൻഡ് ചെയ്യുകയും കെയർടേക്കർ/സെക്യൂരിറ്റിയെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുകയും ചെയ്തതിനുപുറമെ കുറ്റക്കാരായ വിദ്യാർഥികൾക്കെതിരെ UGC Regulation on curbing the menace of Ragging in Higher Educational Institutions, 2009 പ്രകാരം dismssal ഉൾപ്പെടെയുള്ള ശിക്ഷണനടപടികൾ സ്വീകരിക്കുന്നതുമാണ്. റാഗിങ്ങിനെതിരെ സംസ്ഥാന നിയമത്തിന്റെയും യു.ജി.സി. റെഗുലേഷന്റെയും അടിസ്ഥാനത്തിലുള്ള നടപടികൾ ആരോഗ്യ സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലും സ്വീകരിക്കുന്നതിനും ഒന്നാം വർഷ ക്ലാസ് ആരംഭിച്ച് മൂന്നുമാസത്തോളം ആന്റി റാഗിങ് സ്ക്വാഡുകൾ പ്രവർത്തിച്ച് പരിശോധനകൾ കൃത്യമായി ഡോക്യുമെന്റ് ചെയ്ത് റിപ്പോർട്ട് നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ടെന്നും റാഗിങ്ങിനെതിരെ ശക്തമായ നടപടി സ്വീകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.